കയ്യ് നിലത്തുകുത്തിയാൽ, തുങ്ങിമരണമല്ലെന്നുള്ളതാണ് പൊതുവേയുള്ള ഒരു ധാരണ. തൂങ്ങിമരിക്കുന്നയവസരത്തിൽ ഒരുമിനിട്ട് വേണ്ട കഴുത്തിലെ ഭാഗം പൊട്ടാൻ. അങ്ങനെ പൊട്ടി ഭാരംകൊണ്ട് കാൽ നിലത്തു കുത്തിയിരിക്കും. എന്തായാലും ബഹുമാനപ്പെട്ട ഗൗരിയമ്മ സംശയാസ്പദമായ നിലയിലാണ് ഈ സംഭവം നടന്നതെന്ന് വിശദീകരിച്ചതുകൊണ്ട് അതിനെക്കുറിച്ച് ക്രൈംബ്രാഞ്ചിനെക്കൊണ്ട് പ്രത്യേകമായി അന്വേഷിപ്പിക്കാം.

(11) കേരള യൂണിവേഴ്സിറ്റിയുടെ ഡിഗ്രി പരീക്ഷാഫലം

ശ്രീ. എ.പി. ഉദയകുമാർ: സർ, കേരള സർവ്വകലാശാലയുടെ ബി–ഡിഗ്രി പരീക്ഷാഫലം ഇന്നലെ പ്രസിദ്ധീകരിച്ചുവെന്നാണ് ഇന്നലെ രാവിലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഈ സഭ പിരിയുന്ന സമയം വരെ അത് പ്രസിദ്ധീകരിച്ചു കാണായ്കയാൽ ബഹുമാനപ്പെട്ട മെമ്പർ ശ്രീ.വി.കെ.രാജൻ അത് സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. വീണ്ടും ആവർത്തിച്ച് ആധികാരികമായിതന്നെ, പ്രസിദ്ധീകരിച്ചുവെന്ന് മന്ത്രി പറഞ്ഞു. പക്ഷേ ഇന്നലെ ആറ്, ആറര മണിക്കുശേഷമാണ് കേരളസർവ്വകലാശാലയിൽ നിന്നും ഈ ബി–ഡിഗ്രി പരീക്ഷാഫലത്തെ സംബന്ധിച്ച പത്രക്കുറിപ്പ് പ്രസിദ്ധീകരിച്ചത്. ആ കടലാസ് എന്റെ കയ്യിലുണ്ട്. അതിൽ 89000 വിദ്യാർത്ഥികളും പരീക്ഷയെഴുതിയതിന്റെ ഫലപ്രഖ്യാപനമാണുമില്ല. ആകെ ഒൻപതു പേരുടെ റാങ്ക് ലിസ്റ്റും 21.6% വിദ്യാർത്ഥികളാണ് ജയിച്ചിട്ടുള്ളതെന്ന ഇൻഫർമേഷനുമൊഴിച്ച്, ജയിച്ച വിദ്യാർത്ഥികളുടെ റിസൽട്ടോ അതിന്റെ നമ്പരോ യാതൊന്നുംതന്നെ പ്രസിദ്ധീകരിച്ചിട്ടില്ല. ഇതിനെയാണ് റിസൽട്ട് പ്രസിദ്ധീകരിച്ചുവെന്ന് പറഞ്ഞത്. റിസൽട്ട് പ്രസിദ്ധീകരിച്ചുവെന്നു പറഞ്ഞാൽ ഇന്നുവരെയുള്ള കീഴ്വഴക്കം ജയിച്ച വിദ്യാർത്ഥികളുടെ നമ്പരും കാര്യങ്ങളുമൊക്കെ പത്രം ആഫീസുകളിലും, അത് പ്രസിദ്ധീകരിക്കുന്ന സ്ഥാപനങ്ങളിലുമൊക്കെ എത്തിക്കുകയെന്നുള്ളതാണ്. അങ്ങനെ യാതൊന്നും പ്രസിദ്ധീകരിച്ചിട്ടില്ല. എന്നിട്ട് സഭയെ തെറ്റിദ്ധരിപ്പിച്ച്, ആവർത്തിച്ച് പ്രഖ്യാപിച്ചത്, ഈ സഭയോടുള്ള അവകാശലംഘനമാണ്, അവഹേളനമാണ്. അതിലും വിശേഷിച്ച് പ്രസിദ്ധീകരിച്ചത് 21.6% വിദ്യാർത്ഥികളും കേരള സർവ്വകലാശാലയിൽ ജയിച്ചുവെന്നാണ്. ഈ യൂണിവേഴ്സിറ്റിയുടെ ചരിത്രത്തിൽ ഇത്രയും ലജ്ജാകരമായിട്ടുള്ള ഒരു റിസൽട്ടുണ്ടായിട്ടുണ്ടോ? അത് വിദ്യാർത്ഥികളുടെ കുറ്റം കൊണ്ടാണോ? പ്രൊഫസർമാരുടെ കുറ്റം കൊണ്ടാണോ? ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. ഇവിടെ പോയവർഷം സാമാന്യേന സമാധാനപരമായൊരു വിദ്യാഭ്യാസവർഷമായിരുന്നുവെന്നാണ് ഗവൺമെന്റ് അവകാശപ്പെട്ടിരിക്കുന്നത്. വിദ്യാർത്ഥികളുടെ സമരങ്ങളോ അല്ലെങ്കിൽ അദ്ധ്യാപകരുടെ സമരങ്ങളോ ഒന്നുമില്ലാത്ത ഏറെവും നല്ല നിലയിൽ വിദ്യാഭ്യാസം നടന്ന ഒരു വർഷത്തിൽ ഇത് ആരുടെ തകരാറുകൊണ്ടാണ് ചരിത്രത്തിലില്ലാത്ത ഇത്രയും ലജ്ജാകരമായൊരു റിസൽട്ട് ഉണ്ടായത്. ഇവിടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഒരു സ്തംഭനവുമില്ല, എല്ലാ കാര്യങ്ങളും മുറപോലെ നടക്കുന്നുവെന്ന് മന്ത്രി ഈ സഭ തുടങ്ങിയ അന്ന് അവകാശപ്പെട്ടു. അന്നേ ഞങ്ങളും പറഞ്ഞതാണ്, ഇവിടെ ശരിയായിട്ടല്ല പേപ്പർ വാല്യൂവേഷൻ നടക്കുന്നതെന്ന്. ചില കരിങ്കാലി അദ്ധ്യാപകരെക്കൊണ്ടുവന്ന് തോക്ക് ധരിച്ച പോലീസിന്റെ ബയണറ്റിന്റെ മുൻപിൽ നിറുത്തി നടത്തിയിട്ടുള്ള ഒരു വാല്യൂ

LIBRARY ARCHIVES Kerala Legislative Assembly

വേഷനാണ്. ശ്രീ.മാത്തൻചേട്ടനെപോലെയും, ഇടിയൻ കുട്ടൻപിള്ളയെപ്പോലെയുമുള്ള ആളുകളെ കൊണ്ടുവന്ന് നിറുത്തി, യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ പരീക്ഷാ കടലാസ് വാല്യുവേഷൻ നടത്തിയാൽ ഇതല്ലാതെ എന്താണ് സംഭവിക്കുന്നത്? ഇൻഡ്യാരാജ്യത്ത് ഇത്രയും വലിയ, വിദ്യാഭ്യാസരംഗത്ത് അഭിമാനകരമായ സ്ഥാനം വഹിച്ചിട്ടുള്ള നമ്മുടെ യൂണിവേഴ്സിറ്റിയിൽ ഈ സംസ്ഥാനത്തെ ഒട്ടാകെത്തന്നെ അപമാനിക്കുന്ന ഏറ്റവും ലജ്ജാകരമായ ഒരു സ്ഥിതിയാണ് ഈ നടപടിയിലൂടെ ഉണ്ടായിട്ടുള്ളത്. അത് പ്രസിദ്ധീകരിച്ചില്ലെന്നുള്ളത് ഈ സഭയോടുള്ള അവകാശ ലംഘനമാണ്. സർ, 44% ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ ജയിച്ചുവെന്നാണ് പറഞ്ഞത്. ഇവിടെയും സാമാന്യേന നാൽപതിനും അൻപതിനും മദ്ധ്യേ ജയിക്കാറുള്ളതാണ്. ഇത്തവണ ഇത് 21 ആയി, 79% വിദ്യാർത്ഥികളും തോറ്റുവെന്നു പറഞ്ഞാൽ, ഈ ഗവൺമെന്റ് സ്വകാര്യമേഖലയ്ക്ക് വിദ്യാഭ്യാസരംഗം അടിയറ വയ്ക്കുന്നതിനെതിരായി വിട്ടുവീഴ്ചയില്ലാതെ സമരം ചെയ്യുന്ന ദേശാഭിമാനികളായിട്ടുള്ള വിദ്യാർത്ഥികളോടുള്ള ഏറ്റവും ക്രൂരമായ പകപോക്കലാണ്. അല്ലെങ്കിൽ ഇരുപത്തിഒന്നിനും നാൽപ്പത്തിനാലിനും ഇടയ്ക്കുള്ള 23% വിദ്യാർത്ഥികളെ അവരോടുള്ള പ്രതികാരമായിട്ട് മനഃപൂർവ്വം തോൽപ്പിച്ചതാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, യൂണിവേഴ്സിറ്റി പരീക്ഷാഫല പ്രസിദ്ധീകരണത്തിൽ അസാധാരണമായിട്ടുള്ള സംഭവ വികാസങ്ങളൊന്നുമുണ്ടായിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് യൂണിവേഴ്സിറ്റികളിൽ പരീക്ഷാഫല പ്രസിദ്ധീകരണത്തിന് ചെയ്യാറുള്ള ചില നടപടിക്രമങ്ങളുണ്ട്. യൂണിവേഴ്സിറ്റി പരീക്ഷാഫലം, ഗവൺമെന്റ് പരീക്ഷകൾ പോലെയല്ല പ്രസിദ്ധീകരിക്കുന്നത്. യൂണിവേഴ്സിറ്റി പരീക്ഷാഫലം പ്രസിദ്ധീകരിക്കുമ്പോൾ ആകെ പരീക്ഷ എഴുതുന്ന കുട്ടികളുടെ എണ്ണവും, അതിൽ ഫസ്റ്റ് ക്ലാസിൽ വിജയിച്ച കുട്ടികളുടെ എണ്ണവും സെക്കൻഡ് ക്ലാസിൽ വിജയിച്ച കുട്ടികളുടെ എണ്ണവുമടക്കമുള്ള എത്ര പെർസന്റേജ് വിജയിച്ചുവെന്നും, അതിൽ റാങ്ക് കരസ്ഥമാക്കിയ കുട്ടികളുടെ പേരും വിവരവും അതാണ് ആദ്യമായിട്ട് പ്രസിദ്ധീകരണത്തിന് കൊടുക്കാറുള്ളത്. അതാണ് ബഹുമാനപ്പെട്ട കെ.പി.പ്രഭാകരൻ ഈ സഭയിൽ പറഞ്ഞത്. സർ, ഇന്നലെ ഈ പരീക്ഷാഫലം പ്രസിദ്ധീകരിച്ചുവെന്ന് ഞാൻ സഭയിൽ പറഞ്ഞത്, യൂണിവേഴ്സിറ്റി അധികാരികൾ എനിക്കു നൽകിയ അറിയിപ്പിന്റെ അടിസ്ഥാനത്തിൽത്തന്നെയായിരുന്നു. സാധാരണ ചെയ്യുന്നതുപോലെ തന്നെ നമ്മുടെ യൂണിവേഴ്സിറ്റി പേംബറിന്റെ മുൻപിൽത്തന്നെ, പരീക്ഷയെഴുതി പാസ്സായ മുഴുവൻ കുട്ടികളുടെയും രജിസ്റ്റർ നമ്പരും അതിന്റെ മുഴുവൻ രേഖകളും പതിപ്പിച്ചിട്ടുണ്ട്. എല്ലാ വർഷങ്ങളിലും അതു തന്നെയാണ് ചെയ്യുന്നത്. .....(ബഹളം).....അതുപോലെതന്നെ ജയിച്ച കുട്ടികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങുന്ന ബുക്കുകളുണ്ട്. അത് ഇന്നുതന്നെ എല്ലാ കോളേജുകളിലും എത്തിക്കാനുള്ള സംവിധാനങ്ങൾ അവർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിന് തൊട്ടുമുൻപ് ഗാന്ധിജി യൂണിവേഴ്സിറ്റി പരീക്ഷാഫലം കഴിഞ്ഞ 22-ാം തീയതി പ്രസിദ്ധീകരിച്ചു. അവിടെയും ചെയ്തത് ഇതേ സംവിധാനം തന്നെയാണ്.... .....(ബഹളം)..... ശ്രീ. കെ.പി. പ്രഭാകരൻ പറഞ്ഞ കാര്യങ്ങൾക്ക് ഞാൻ മറുപടി പറയുകയാണ്. ഇവിടെ സാധാരണ നടക്കുന്നതുപോലെയുള്ള ഒരു പരീക്ഷാഫല പ്രഖ്യാപനംതന്നെയാണ് ഇപ്രാവശ്യവും നടത്തിയിരിക്കുന്നത്. ഇതിനകത്ത് ഫസ്റ്റ് ക്ലാസ്സിൽ വിജയിച്ച കുട്ടികളും.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. പി. പ്രഭാകരൻ വളരെ പ്രധാനമായ ഒരു പ്രശ്നം ഇവിടെ ഉന്നയിച്ചിരിക്കുകയാണ്. അത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് മറുപടി പറയാനുള്ളതെന്ന് കേൾക്കണം.

ശ്രീ. ടി. എം. ജേക്കബ്: സർ, കഴിഞ്ഞ വർഷവും അതിന്റെ മുൻവർഷങ്ങളിലും നമ്മുടെ യൂണിവേഴ്സിറ്റി പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചതുപോലെയുള്ള അതേ നടപടിക്രമങ്ങൾതന്നെയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ശ്രീ. കെ. പി. പ്രഭാകരൻ മറ്റൊരു കാര്യം ഇവിടെ പറഞ്ഞത്, യൂണിവേഴ്സിറ്റിയുടെ ചരിത്രത്തിൽ ഉണ്ടാകാത്തതുപോലെ കുട്ടികളെ ഇവിടെ പരാജയപ്പെടുത്തി അല്ലെങ്കിൽ പരാജയപ്പെട്ടു എന്നാണ്. സർ, ഇവിടെ ഇടതുപക്ഷമുന്നണി ഗവൺമെന്റ് ഭരിച്ച 1982-ൽ കേരളാ യൂണിവേഴ്സിറ്റി ഫലം പ്രസിദ്ധീകരിച്ചു. അന്നത്തെ വിജയശതമാനം 20.61 ആയിരുന്നുവെന്നുള്ളത് ബഹുമാനപ്പെട്ട കെ.പി.പ്രഭാകരൻ മറക്കരുത്. അതായത് ഇപ്പോഴത്തെക്കാൾ കുറഞ്ഞിരുന്നുവെന്നുള്ളതാണ്. 1983-ൽ 21.99%, 1984-ൽ 25.29%, 1985-ൽ 22.64%. 1982 മുതൽ 86 വരെയുള്ള പരീക്ഷാഫലങ്ങളുടെ പെർസന്റേജാണ് ഞാനിവിടെ പറഞ്ഞത്.....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് എന്താണെന്ന് കേട്ടാൽകൊള്ളാം. ഇവിടെ ശ്രീ. കെ. പി. പ്രഭാകരൻ വളരെ പ്രധാനമായൊരു പ്രശ്നമാണ് ഉന്നയിച്ചത്. അതിന് മന്ത്രിയുടെ മറുപടി, ചെയറിന് കേട്ടാൽകൊള്ളാമെന്നുണ്ട്. ചെയർ അത് ശ്രദ്ധിച്ച് കേൾക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: സർ, ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻ പറഞ്ഞ സംഗതി യൂണിവേഴ്സിറ്റിയുടെ ചരിത്രത്തിൽ ഉണ്ടാകാത്ത വിധം ഭയങ്കരമായി വിജയശതമാനം കുറഞ്ഞിരിക്കുന്നുവെന്നാണ്. അതുകൊണ്ടാണ് ഞാൻ ഇവിടെ പറഞ്ഞത് 1982-ൽ 20.61%, 1983-ൽ 21.99%, 1984-ൽ 25.29%, 1985-ൽ 22.64%, 1986-ൽ 21.6%. സർ, ഈ പരീക്ഷാഫലങ്ങൾ നോക്കിയാൽത്തന്നെ ശ്രീ. പ്രഭാകരൻ പറഞ്ഞത് ശരിയല്ലെന്നു കാണാൻ കഴിയും. മറ്റൊരു കാര്യം പറഞ്ഞത് ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പരീക്ഷാഫലത്തിൽ 42% വിജയം ഉണ്ടായിയെന്നാണ് പറയുകയുണ്ടായി. അതിനകത്ത് ഒരു പ്രത്യേക സംഗതിയുണ്ട്. കാരണം ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിച്ചിട്ടില്ല. ഞാൻ പറഞ്ഞ 1982 മുതൽ 1986 വരെയുള്ള പരീക്ഷാ ഫലങ്ങളിൽ പ്രൈവറ്റ് കാൻഡിഡേറ്റ്സ്കൂടി ഉൾപ്പെടുന്നുണ്ട്. പ്രൈവറ്റ് കാൻഡിഡേറ്റ്സ്കൂടി ഉൾപ്പെടുന്നതുകൊണ്ടാണ് എല്ലാ വർഷവും നമ്മുടെ യൂണിവേഴ്സിറ്റിയിൽ പെർസന്റേജ് കുറവായത്. അതുകൊണ്ട് അസാധാരണമായിട്ടോ മനഃപൂർവ്വമായിട്ടോ ആരെയും തോൽപ്പിക്കുകയൊന്നും ചെയ്തിട്ടില്ല. ഇതിന്റെ മോഡറേഷൻ കമ്മിറ്റിയിലും മറ്റു ബന്ധപ്പെട്ട കമ്മിറ്റികളിലും പ്രൊഫസർമാരടക്കമുള്ളയാളുകൾ കൂടിയിരുന്ന് ആലോചിച്ച് അതിന്റെ നടപടിച്ചട്ടങ്ങളെല്ലാം പൂർത്തിയാക്കിയതിനുശേഷമാണ് ഈ പരീക്ഷാഫലം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇതിനകത്ത് മറ്റ് യാതൊരു തരത്തിലുമുള്ള അനാവശ്യമായ കാര്യവും നടന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇവിടെ ശ്രീ. കെ.പി.പ്രഭാകരൻ ഉന്നയിച്ച പ്രശ്നത്തിന് മറുപടിയായി ശ്രീ.ടി.എം.ജേക്കബ് പറഞ്ഞത് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് സസ്പെൻഡ് ചെയ്തതുകൊണ്ട് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ലെന്നും അവിടെ കാര്യങ്ങളെല്ലാം ഭംഗിയായി നടത്താൻ കഴിയുന്നുവെന്നുമാണ്. ഇന്നു രാവിലെ ശ്രീ.വി.കെ.രാജന്റെ ചോദ്യത്തിന് മറുപടിയായി അങ്ങ് പറഞ്ഞത് പ്രീഡിഗ്രി റിസൾട്ട് അനൗൺസ് ചെയ്തു കഴിഞ്ഞെന്നാണ്. മെയിലായി എപ്പോഴാണ് റിസൾട്ട് അനൗൺസ് ചെയ്തതെന്നു പറയാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, എനിക്ക് ലഭ്യമായ വിവരം വച്ച് രാവിലെ 8 മണിക്കാണ് റിസൾട്ട് അനൗൺസ് ചെയ്തത്. .....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് രാവിലെ 8 മണിക്ക് റിസൾട്ട് അനൗൺസ് ചെയ്തെന്നാണ്. .....(ബഹളം)..... മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണെന്ന് അംഗങ്ങൾക്ക് തോന്നുന്ന പക്ഷം അതിന് വേറെ മാർഗ്ഗമുണ്ട്. അതനുസരിച്ച് കിട്ടിയ നോട്ടീസ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ: സർ, പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുന്നതിനെതിരായി കേരളത്തിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും മറ്റു ജീവനക്കാരും നടത്തുന്ന സമാധാന പരിനിയമവും മർദ്ദനവും ഉപയോഗിച്ച് അടിച്ചമർത്തുകയാണെന്ന ആക്ഷേപം ഒന്നിലധികം തവണ ഈ അസംബ്ലിയിൽ പറഞ്ഞിട്ടുള്ളതാണ്. ഇന്നലെ രാവിലെ യൂണിവേഴ്സിറ്റി ഓഫീസിനു മുൻപിൽ നടന്ന സംഭവവും അതിന് തെളിവാണ്. ഇന്ന് പ്രധാനപ്പെട്ട ചില പത്രങ്ങളില്ലാത്തതുകൊണ്ട് അത് പത്രങ്ങളിൽ വന്നിട്ടില്ല. യൂണിവേഴ്സിറ്റിയുമായി ബന്ധമില്ലാത്ത ഏതാനും പേരെ കരിങ്കാലിപ്പണി ചെയ്യിക്കാൻവേണ്ടി ഒരു ബസ്സിൽ യൂണിവേഴ്സിറ്റിയിൽ കൊണ്ടുവന്നു. യൂണിവേഴ്സിറ്റി സമരത്തിൽ പങ്കെടുത്തിരുന്ന കെ.ജി.റ്റി.എ.യിൽപ്പെട്ട അമ്പതോളം അദ്ധ്യാപകർ ആ ബസ് പിക്കറ് ചെയ്തു. ആ പിക്കറിംഗിന് നേതൃത്വം വഹിച്ച ബാലകൃഷ്ണൻ നമ്പ്യാരെന്നയാളെ സ്പെഷ്യൽ ബ്രാഞ്ച് പോലീസിൽപ്പെട്ട ഒരാൾ കയ്യേറ്റംചെയ്തു. ആ പോലീസുകാരൻ മഫ്ടിയിലായിരുന്നു. അദ്ധ്യാപകർ ചോദിച്ചപ്പോഴാണ് ജീവനക്കാരിൽപ്പെട്ടയാളാണെന്നാണ് അയാൾ പറഞ്ഞത്. എങ്കിൽ അയാളെ അസ്സോസ് ചെയ്യണമെന്ന് പിക്കറ് ചെയ്തിരുന്ന അദ്ധ്യാപകൻമാർ ആവശ്യപ്പെട്ടു. അതേത്തുടർന്ന് സമരം ചെയ്തവരെ പോലീസ് മർദ്ദിക്കുകയാണ് ചെയ്തത്. പലർക്കും മർദ്ദനേത്തിൽ പരിക്കേറ്റു. പ്രഭാകരൻ നായരെന്നയാളെ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഇത്തരം ഹീനമായ നടപടികളും പോലീസുകാരെക്കൊണ്ട് ചെയ്യിച്ച് സമരത്തെ നേരിടാമെന്നാണ് ഗവൺമെന്റ് കരുതുന്നതെങ്കിൽ അതു വ്യാമോഹമാണ്. ഇത്തരം ക്രൂരമായ മർദ്ദനമുറകളും നടത്തിയ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികളും സ്വീകരിക്കണം. പോലീസിനെ കയ്യൂരിവിട്ടതെ കുറ്റവാളികൾക്കെതിരെ ഗവൺമെന്റ് കർശന നടപടികളും എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ.കെ. കരുണാകരൻ): സർ, ഇന്നലെ രാവിലെ ഓപ്പറേഷൻ ഡ്യൂട്ടിക്കുവന്ന അദ്ധ്യാപകൻമാരെ പിക്കറ് ചെയ്ത കെ.ജി.റ്റി.എ.യിൽപ്പെട്ട അദ്ധ്യാപകരെ പോലീസ് നീക്കം ചെയ്യുക

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായി. ഈയവസരത്തിൽ സ്പെഷ്യൽബ്രാഞ്ചു് പോലീസിൽപ്പെട്ട ശ്രീകണ്ഠൻ നായരെന്ന ഹെഡ്കോൺസ്റ്റബിളും പ്രഭാകരൻ നായരെന്ന അദ്ധ്യാപകനെ മർദ്ദിച്ചു. ഈ സംഭവത്തെ സംബന്ധിച്ചു് അദ്ധ്യാപകരിൽനിന്നു് പരാതി കിട്ടിയ ഉടൻതന്നെ അന്വേഷണം നടത്തി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു് തന്നെ പ്രസിദ്ധീകരിക്കുന്ന പത്രത്തിലും ഒരു ഹെഡ്കോൺസ്റ്റബിളും മർദ്ദിച്ചു എന്നാണു് പറഞ്ഞിരിക്കുന്നതു്. ഉടൻതന്നെ പ്രാഥമികാന്വേഷണം നടത്തുകയും ഒന്നാമതു് ഇൻവെസ്റ്റിഗേഷനിൽ കുറ്റം ചെയ്തതായി സംശയിക്കുന്നു എന്നുള്ള കാരണത്താൽ ഇന്നലെത്തന്നെ സസ്പെൻഡ് ചെയ്യുകയും ചെയ്തു. തുടർന്നുള്ള അന്വേഷണ നടപടികളും സ്വീകരിച്ചിട്ടുണ്ടു്.

IV. റൂൾ 113 അനുസരിച്ചുള്ള റിപ്പോർട്ടു്

സെക്രട്ടറി, നിയമസഭാ സെക്രട്ടറിയേറ്റു്: സർ, സംസ്ഥാനത്തു് സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തണമെന്നു് അപേക്ഷിച്ചുകൊണ്ടു് കേരള മദ്യനിരോധന സമിതി പ്രസിഡൻറു് ശ്രീ.എം.പി.മൻമഥനിൽ നിന്നും ഒരു ഹർജി ലഭിച്ചിട്ടുള്ള വിവരം നിയമസഭാ നടപടിചട്ടങ്ങളിലെ 113–ാം ചട്ടമനുസരിച്ചു് ഞാൻ റിപ്പോർട്ടു് ചെയ്യുന്നു.

V. റിപ്പോർട്ടു് സമർപ്പണം

(1) സബോർഡിനേറ്റു് ലെജിസ്ലേഷൻ കമ്മിറ്റി റിപ്പോർട്ടു്

ശ്രീ. എം. വി. മാണി: സർ, സബോർഡിനേറ്റു് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനേഴും പതിനെട്ടും റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റി റിപ്പോർട്ടു്

ശ്രീ. എ. സി. ജോസ്: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 20–ഉം 21–ഉം 22–ഉം റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

VI. ധനകാര്യം

1936–37 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറിലെ ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ശ്രീ. ഇ. കെ. നായനാർ: സർ, വിദ്യാഭ്യാസമന്ത്രി ധനാഭ്യർത്ഥന അവതരിപ്പിക്കുന്നതിനു് ഞാൻ തടസ്സവാദം ഉന്നയിക്കുകയാണു്. ഇതിനെപ്പറ്റി ഒരു പ്രസ്താവന ചെയ്യാൻ എന്നെ അനുവദിക്കണം. ഗവൺമെൻറു് ഇന്നു് സഭയെ ദുർബോധിപ്പിച്ചതിനെപ്പറ്റി അന്വേഷിക്കണം. ഇന്നലെ പ്രീഡിഗ്രി നിസ്സഹ്റ് പ്രസിദ്ധപ്പെടുത്തിയെന്നു് സഭയിൽ ദുർബോധിപ്പിച്ചതുമാത്രമല്ല തടസ്സവാദമുന്നയിക്കാനുള്ള കാരണം. തുടക്കംമുതൽ തന്നെ സ്വകാര്യമേഖലയെ സഹായിക്കാനുള്ള നടപടികളാണു് വിദ്യാഭ്യാസ വകുപ്പിൽ സ്വീകരിച്ചിട്ടുള്ളതു്. ഇതിനെതിരായി സമരം ചെയ്യുന്ന അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും അടിച്ചമർത്താനുള്ള നടപടികളാണു് ഗവൺമെൻറു് സ്വീകരിച്ചിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly